**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051** **01-09-2022 - ൽ മറുപടിയ്ക്ക്**

**അഗ്നിശമനസേനയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീപിടുത്തം മൂലം വൻ നാശനഷ്ടം ഉണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് അഗ്നിശമനസേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ഏർപ്പെടുത്തിയ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കാത്തതുമായ കെട്ടിടങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തീപിടുത്തങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗ്നിശമനസേനയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | അഗ്നിശമന രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ ആധുനിക സംവിധാനമുള്ള ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് വാങ്ങുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് & ഇന്റലിജൻസ് വിഭാഗവും ബീറ്റ് ഓഫീസർമാരും നടത്തുന്ന പരിശോധനയും പൊതുജനങ്ങൾക്കു നൽകിവരുന്ന ബോധവൽക്കരണ ക്ലാസ്സുകൾ, മോക്ക് ഡ്രിൽ എന്നിവയും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ